# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - ഫെബ്രുവരി 2016

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക:52)

### 1. അതിരൂപതാ മതബോധന കമ്മിറ്റി

2015-16 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപത മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2016 ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ സന്ദേശഭവനിൽവച്ച് ചേരുന്നു. കമ്മിറ്റി അംഗങ്ങളെല്ലാവരും സംബന്ധിക്കേണ്ടതാണ്.

### 2. സന്ദർശകരുടെ സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം മാർച്ച് 5 ന് ശനിയാഴ്ച്ച രാവിലെ 10 മണിമുതൽ 12 മണി വരെ സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

### 3. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 8 വെള്ളി

ഒന്നു മുതൽ ഒൻപതാം ക്ലാസുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 8ന് വെള്ളിയാഴ്ച്ച രാവില 10 മണി മുതൽ 12 വരെയായിരിക്കും.

### 4. ലൂമെൻ എക്ലേസിയേ

ദൈവശാസ്ത്രകോഴ്സിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാ അധ്യാപകരും ക്ലാസുകളിൽ സംബന്ധിക്കുകയും പരീക്ഷ എഴുതേണ്ടതുമാണ്. ദൈവശാസ്ത്രകോഴ്സിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അധ്യാപകരുടെ ബാക്കി അടക്കാനുള്ള തുകകൾ ഹെഡ്മാസ്റ്റർ വിശ്വാസപരിശീലന ഓഫീസിൽ അടക്കേണ്ടതാണ്.

### 5. ആസ്പെക്ട് പ്രബന്ധം/പരീക്ഷ

അധ്യാപകരുടെ പഠനഭാഗമായി നിശ്ചയിച്ചിരുന്ന ആസ്പെക്ട് പരീക്ഷ ഫെബ്രുവരി 28 ഞായറാഴ്ച്ച ഉച്ചക്ക് 2.30 മുതൽ 4.30 വരെയായിരിക്കും. പരീക്ഷയെഴുതുന്നവർക്കുള്ള ചോദ്യപേപ്പറുകൾ ബഹുമാനപ്പെട്ട വികാരിയച്ചന്റെ പേരിൽ അയച്ചു തരുന്നതാണ്. (ചോദ്യങ്ങൾക്ക് ഡിസംബർ മാസത്തെ ബുള്ളറ്റിൻ പേജ് 41 കാണുക). പരീക്ഷയ്ക്ക് ഹെഡ്മാസ്റ്റർ അല്ലെങ്കിൽ അധ്യാപകരിൽ ഒരാൾ നേതൃത്വം കൊടുക്കേണ്ടതാണ്. പ്രബന്ധമെഴുതുന്നവർ താഴെകൊടുത്തിരിക്കുന്ന വിഷയത്തെക്കുറിച്ച് പത്തുപേജിൽ കുറയാതെ പ്രബന്ധം എഴുതി ഫെബ്രുവരി 28നകം മതബോധന ഓഫീസിൽ എത്തിക്കേണ്ടതാണ്. ലൂമെൻ എക്ലേസിയിൽ ചേർന്ന് ദൈവശാസ്ത്രകോഴ്സ് പഠിക്കുന്നവർ പേരിനോടൊപ്പം LE ഐഡി നമ്പറും ചേർത്ത് പ്രബന്ധം ആൽഫാ ഓഫീസിലാണ് ഏൽപ്പിക്കേണ്ടത്.

#### പ്രബന്ധ വിഷയം

ഇസ്രായേലിലെ പ്രവാചകപാരമ്പര്യത്തെക്കുറിച്ചും പ്രവാചകന്മാരെക്കുറിച്ചും വിവരിക്കുക.

### 6. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള പ്രവാചകന്മാരുടെ പാതയിൽ എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് ഫെബ്രുവരി 27 ന് തളിപ്പറമ്പ് ഇടവകയിൽ വച്ച് രാവിലെ 10 മണിക്ക് നടത്തുന്നു. പങ്കെടുക്കുന്നവർ ഫെബ്രു. 20ന് മുൻപ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

### 7. ഹെഡ്മാസ്റ്റേഴ്സ് റീജനൽ കൂട്ടായ്മ

2015-2016 അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജനൽ കൂട്ടായ്മ നടത്തപ്പെടുന്നു. ഏല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രസ്തുത മിറ്റിംഗിൽ ഓഫീസിൽ അടക്കാനുള്ള വിവിധ തുകകൾ സ്വീകരിക്കുന്നതായിരിക്കും. (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ബുള്ളറ്റിൻ, വിശ്വാസോത്സവം, ലൂമെൻ എക്ലേസിയേ...)

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|---|
| ഇരിട്ടി | മാർച്ച് 7, തിങ്കൾ | 9.00 am | പേരാവൂർ, നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പൈസക്കരി |
| തളിപ്പറമ്പ് | മാർച്ച് 7, തിങ്കൾ | 2.00 pm | ചെമ്പേരി, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി |
| കാഞ്ഞങ്ങാട് | മാർച്ച് 12 ശനി | 9.00 am | പനത്തടി, തോമാപുരം, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, ചെറുപുഴ |

**8. വെബ് സൈറ്റ് (catechismthalassery.org)**

വിശ്വാസപരിശീലനകേന്ദ്രം ആരംഭിച്ചിരിക്കുന്ന വെബ്സൈറ്റിൽ കുട്ടികളെയും അധ്യാപകരേയും സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ചേർക്കേണ്ടതാണ്. ഡിപ്ലോമ റിസൾട്ട് വെബ്സൈറ്റിലൂടെയായിരിക്കും പ്രസിദ്ധീകരിക്കുന്നത്.

**9. വിശ്വാസോത്സവ വർക്ക് ബുക്ക്**

ഏപ്രിൽ 1 മുതൽ 5 വരെ നടത്തുന്ന വിശ്വാസോത്സവ വർക്ക് ബുക്കുകളുടെ വില 4-ാം ക്ലാസ് (കളർ പ്രിന്റ്) 32 രൂപയും ബാക്കി ക്ലാസുകളിലെ വർക്ക് ബുക്കിന് 24 രൂപയുമായിരിക്കും.

**10. വിശ്വാസോത്സവ ആൽബം**

ഈ വർഷവും കുട്ടികൾ ഇടവകാതലത്തിൽ വിശ്വാത്സോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക്വേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. കൂടുതൽ വിവരങ്ങൾ മാർച്ച് മാസത്തിലെ ബുള്ളറ്റിനിൽ കൊടുക്കുന്നതായിരിക്കും.

**വിഷയം :** 'ദൈവകരുണയുടെ കുടുംബവർഷം'

**11. കുട്ടികളുടെ ഫണ്ട് , ചോദ്യപേപ്പർ വില, വിശ്വാസോത്സവ വർക്ക് ബുക്ക്**

2015-16 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ വില, വിശ്വാസോത്സവ വർക്ക് ബുക്ക്, അതിരൂപതാ ബുള്ളറ്റിൻ എന്നിവയുടെ തുക ഓഫീസിൽ അടച്ച് സഹകരിക്കുമല്ലോ. ബാങ്ക് വഴി പണം അയക്കുന്നവർ ഓഫീസിൽ വിളിച്ചറയിക്കേണ്ടതാണ്.

**12. സ്പെഷ്യൽ വിശ്വാസോത്സവം**

ആർമിസ്കൂളിലും സെൻട്രൽ സ്കൂളിലും മാത്രം പഠിക്കുന്ന കുട്ടികൾക്കായി 2016 മാർച്ച് 28 തിങ്കളാഴ്ച 9.30 മുതൽ 30-ാം തീയതി ബുധനാഴ്ച 2.30 വരെ ദർശനാധ്യാനകേന്ദ്രത്തിൽവച്ച് വിശ്വാസോത്സവം നടത്തുന്നതായിരിക്കും. ക്യാമ്പ് ഫീസ് 500 രൂപ.

**13. ഡയറക്ടറച്ചന്റെ സന്ദർശനം**

ചൂരപ്പടവ്, കമ്പല്ലൂർ, ഉമ്മറപൊയിൽ എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

ഡയറക്ടർ